# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂലൈ 24, ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 241)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി | 7914 മുതൽ 8034 വരെ |
| സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി | 8035 മുതൽ 8073 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | 8074 മുതൽ 8117 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | 8118 മുതൽ 8154 വരെ |

## വൈദ്യുതിയുടെ അമിത ഉപഭോഗം തടയുന്നതിന് നടപടി

7914 ശ്രീ. കെ. അച്ചുതൻ
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ വൈദ്യുതിയുടെ അമിത ഉപഭോഗം തടയുന്നതിന് ഇ.എം.സി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നല്കാമോ;

(സി) പ്രസ്തുത ചട്ടത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

ഊർജ്ജ സംരക്ഷണ ഫണ്ടിൽ നിന്ന് ധനസഹായം

7915 ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഊർജ്ജസംരക്ഷണ ഫണ്ടിൽ നിന്ന് ഊർജ്ജ സംരക്ഷണത്തിനായി എന്തെല്ലാം ധനസഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം മേഖലയ്ക്കാണ് പ്രസ്തുത ഫണ്ടിൽ നിന്ന് ധനസഹായം നൽകുന്നത്; വിശദാംശം നൽകുമോ;

(സി) ഊർജ്ജ ഓഡിറ്റിന് സബ്സിഡി നൽകുവാനും ഗാർഹിക മേഖലയിൽ ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുവാനും പ്രസ്തുത ഫണ്ടിലെ തുക വിനിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സോളാർ ഹോം പദ്ധതി</u>

7916 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സൗരഗൃഹ പദ്ധതിയുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(സി) പൈലറ്റ് പ്രോജക്ടായി ഏതെല്ലാം ജില്ലകളിലാണ് സോളാർ ഹോം പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഈ പ്രോജക്ട് പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സോളാർ ഹോം പദ്ധതി</u>

7917 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സോളാർ ഹോം പദ്ധതിയോടുള്ള ജനങ്ങളുടെ പ്രതികരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>റൂഫ് ടോപ്പ് സോളാർ സിസ്റ്റം</u>

7918 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റൂഫ് ടോപ്പ് സോളാർ സിസ്റ്റം പദ്ധതി സംബന്ധമായി എന്തെങ്കിലും ചർച്ചകൾ നടന്നിട്ടുണ്ടോ;

(ബി) റൂഫ് ടോപ്പ് സോളാർ സിസ്റ്റം എന്ന് മുതലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ കാര്യക്ഷമതാ സെസ്സ്</u>

7919 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) യൂണിറ്റിന് ഒരു പൈസ നിരക്കില്‍ എല്ലാ വൈദ്യുതി ഉപഭോക്താക്കളില്‍ നിന്നും ഊര്‍ജ്ജ കാര്യക്ഷമതാ സെസ്സ് പിരിക്കാന്‍ നിര്‍ദ്ദേശമുണ്ടോ; എങ്കില്‍ ഇതിന് വൈദ്യുതി റഗുലേറ്ററി കമ്മിഷന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിലൂടെ എന്ത് തുക പ്രതിവര്‍ഷം സ്വരൂപിക്കാന്‍ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തില്‍ സ്വരൂപിക്കുന്ന പണം ഊര്‍ജ്ജ സംരക്ഷണ ഫണ്ടില്‍ ഉള്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; നിലവില്‍ പ്രസ്തുത തുക എപ്രകാരം വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന സര്‍ക്കാര്‍ ഊര്‍ജ്ജ സംരക്ഷണ ഫണ്ടിന് രൂപം നല്‍കിയത് കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

പെട്രോനെറ്റ് എൽ. എൻ. ജി.യുടെ ഉടമസ്ഥതയിൽ
വൈപ്പിനിൽ താപനിലയം

7920 ശ്രീ. എസ്. ശർമ്മ
,, സാജു പോൾ
,, ബി. ഡി. ദേവസ്സി
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോനെറ്റ് എൽ. എൻ. ജി.യുടെ ഉടമസ്ഥതയിൽ കൊച്ചി വൈപ്പിനിൽ ഒരു താപനിലയം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത താപനിലയത്തിൽ നിന്നും വൈദ്യുതി പൂർണ്ണമായും വാങ്ങിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത താപനിലയത്തിൽ നിന്നുള്ള വൈദ്യുതിയ്ക്ക് എന്ത് വില വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇറക്കുമതി ചെയ്യുന്ന എൽ. എൻ. ജി.യുടെ വില വൻതോതിൽ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വൈദ്യുതി വേണ്ടെന്ന് വയ്ക്കാൻ ബോർഡിന് സാധിക്കുമോ;

(ഇ) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

എനർജി മാനേജ്മെന്റ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

7921 ശ്രീ. ജി. സുധാകരൻ
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ. പ്രദീപ് കുമാർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എനർജി മാനേജ്മെന്റ് സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) എനർജി മാനേജ്മെന്റ് സെന്ററിന്റെ ഇപ്പോഴത്തെ പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഈ സെന്ററിന്റെ പ്രവർത്തനം തൃപ്തികരമാണോ ; വ്യക്തമാക്കാമോ ;

(സി) ഊർജ്ജ സംരക്ഷണത്തിനായി ഈ സ്ഥാപനം പുതുതായി എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ഡി) സംസ്ഥാന ഊർജ്ജ സംരക്ഷണ ഫണ്ട് രൂപീകരിക്കാനും അതിലേയ്ക്ക് ഒരു യൂണിറ്റിന് ഒരു പൈസ നിരക്കിൽ സെസ്സ് ഏർപ്പെടുത്താനുമുള്ള നിർദ്ദേശം എനർജി മാനേജ്മെന്റ് സെന്റർ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഇ) ഉപഭോക്താക്കളിൽ അധിക ഭാരം അടിച്ചേല്പിക്കുന്ന പ്രസ്തുത നിർദ്ദേശത്തിന്മേൽ സർക്കാരിന്റെയും ബോർഡിന്റെയും അഭിപ്രായം വിശദമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## ഫാബ്രിക്കേഷൻ യൂണിറ്റുകൾ

7922 ശ്രീ. എസ്. ശർമ്മ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിതരണമേഖലക്കാവശ്യമായ വിവിധ ഉപകരണങ്ങൾ നിർമ്മിക്കുന്ന ഫാബ്രിക്കേഷൻ യൂണിറ്റുകൾ പ്രവർത്തനരഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാബ്രിക്കേഷൻ യൂണിറ്റുകൾ നിർത്തലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത്തരത്തിൽ ഫാബ്രിക്കേഷൻ യൂണിറ്റുകൾ നിർത്തലാക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ മേഖലയിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ കമ്പനിവൽക്കരണം</u>

7923 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡ് കമ്പനിവൽക്കരിക്കുമ്പോൾ ജീവനക്കാരുടെ ആനുകൂല്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള ഏതെല്ലാം ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നും ഏതെല്ലാം ആനുകൂല്യങ്ങൾ നഷ്ടപ്പെടാനിടയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കമ്പനിവൽക്കരണത്തിലൂടെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യം നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ അതു സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) വൈദ്യുതിബോർഡ് കമ്പനിവൽക്കരണ തീരുമാനം ഉപേക്ഷിക്കാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>നഗരങ്ങളിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ</u>

7924 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി നഗരങ്ങളിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകാമോ;

(സി) ഏതെല്ലാം നഗരങ്ങളിലാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇത്കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതിബോർഡിലെ റീജിയണൽ ആഡിറ്റ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി</u>

7925 ശ്രീ. കെ. മുരളീധരൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിബോർഡിലെ റീജിയണൽ ആഡിറ്റ് ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ എ. പി. ടി. എസ് നെക്കാളും കൂടുതൽ തുക റവന്യൂ ഇനത്തിൽ ലഭിച്ചു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) സാങ്കേതിക ജീവനക്കാരുടെ സഹായത്തോടെ നടത്തിക്കൊണ്ടിരിക്കുന്ന ഫീൽഡ് ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന്റെ ഭാഗമായി എ. പി. ടി. എസ് നുള്ള വാഹനസൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇവർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കേന്ദ്ര വൈദ്യുത പദ്ധതികളുടെ നടത്തിപ്പിന്
പ്രത്യേക കർമ്മസേന

7926 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കെ. ദാസൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കേന്ദ്ര വൈദ്യുത പദ്ധതികളുടെ നടത്തിപ്പിന് പ്രത്യേക കർമ്മസേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(സി) കേന്ദ്ര പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന നിശ്ചയിച്ച പ്രകാരം എപ്പോഴാണ് പൂർത്തീകരിക്കേണ്ടി യിരുന്നത് ;

(ഡി) ഇത് നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നത്; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>അനർട്ടിന്റെ ആഭിമുഖ്യത്തിൽ എനർജിമാർട്ടുകൾ</u>

7927 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനർട്ടിന്റെ ആഭിമുഖ്യത്തിൽ എനർജിമാർട്ടുകൾ എന്ന പേരിൽ സംരംഭക ശൃംഖല രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇതിനകം എത്ര ശൃംഖലകൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നല്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കൂടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തിനുള്ള വൈദ്യുതി</u>

7928 ശ്രീ. വി. ഡി. സതീശൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടംകുളം ആണവ നിലയത്തിൽ നിന്നും സംസ്ഥാനത്തേക്ക് വൈദ്യുതി കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ഹൈടെൻഷൻ ലൈനിന്റെ പണി പൂർത്തിയായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത ലൈൻ പൂർത്തിയാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

**പള്ളിവാസൽ എക്സ്റ്റൻഷൻ തൊട്ടിയാർ ജലവൈദ്യുത പദ്ധതികൾ**

7929 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ
,, രാജു എബ്രഹാം
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ, തൊട്ടിയാർ എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നിശ്ചയിച്ച രീതിയിൽ മുന്നോട്ടു പോകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രോജക്ട് മോണിട്ടറിംഗ് കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കമ്മിറ്റികൾ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര തവണ യോഗം ചേർന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

മഴയുടെ കുറവുമൂലമുണ്ടായിട്ടുള്ള സ്ഥിതി
പരിഹരിക്കുവാൻ നടപടി

7930 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജല വൈദ്യുതി നിലയങ്ങളുടെ സംഭരണികളിൽ മൊത്തം സംഭരണശേഷിയുടെ എത്ര ശതമാനം വെള്ളമാണ് നിലവിൽ ഉള്ളത്; മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ എത്ര ശതമാനം കുറവാണ് വന്നിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ദുർബലമായ കാലവർഷം വൈദ്യുതി ബോർഡിന്റെ ജലസംഭരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) നിലവിൽ ജലസംഭരണികളിലുള്ള വെള്ളം ഉപയോഗിച്ച് എത്ര യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കും; വിശദമാക്കുമോ;

(ഡി) ജൂൺ ഒന്നിനു ശേഷം നാളിതുവരെ ജലസംഭരണികളിലേയ്ക്കുള്ള നീരൊഴുക്ക് എത്ര യൂണിറ്റാണെന്നും മുൻ വർഷം ഇതേ കാലയളവിൽ എത്ര യൂണിറ്റായിരുന്നുവെന്നും വ്യക്തമാക്കുമോ; ജൂൺ, ജൂലൈ മാസങ്ങളിലെ മഴയുടെ വരവനുസരിച്ചിട്ടല്ലേ ഒരു വർഷത്തേയ്ക്കുള്ള വൈദ്യുതി ഉത്പാദനം കെ.എസ്.ഇ.ബി ആസൂത്രണം ചെയ്തു വരുന്നത്;

(ഇ) ഈ വർഷം മഴയുടെ കുറവുമൂലമുണ്ടായിട്ടുള്ള സ്ഥിതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കുമോ;

(എഫ്) മഴക്കാലം പിന്നീടുമ്പോഴുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ പുറത്തു നിന്നും കായംകുളമടക്കമുള്ള താപനിലയങ്ങളിൽ നിന്നും കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ അധിക ബാധ്യതയാണ് ബോർഡിന് ഉണ്ടാകുകയെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത അധിക ബാധ്യത മറികടക്കുന്നതിന് ഗാർഹിക- വാണിജ്യ വൈദ്യുതിക്ക് വൻ നിരക്ക് വർദ്ധന ഏർപ്പെടുത്താൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ അധിക വരുമാനം

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

പ്രതീക്ഷിക്കുന്ന നിരക്ക് വർദ്ധനയ്ക്കുള്ള ശുപാർശയാണ് റെഗുലേറ്ററി കമ്മീഷന് മുമ്പാകെ കെ.എസ്. ഇ.ബി സമർപ്പിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>മൺസൂൺ മഴയും വൈദ്യുതോല്പാദനവും</u>

7931 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൺസൂൺ മഴയിൽ ഇതുവരെയുണ്ടായിട്ടുള്ള കുറവ് ജലവൈദ്യുത പദ്ധതികളെ എത്രമാത്രം ബാധിക്കുന്നുവെന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പൂർണ്ണമായ തോതിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ ആവശ്യമായ അളവിലുള്ള വെള്ളം റിസർവ്വോയറുകളിൽ ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ വൈദ്യുതോല്പാദനത്തിലുള്ള കുറവ് പരിഹരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലയിലെ കടലിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി

7932 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് കടലിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>അലങ്കാര ആവശ്യങ്ങൾക്ക് നൽകുന്ന വൈദ്യുതി നിയന്ത്രണം</u>

7933 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, എം. പി. വിൻസെന്റ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലങ്കാര ആവശ്യങ്ങൾക്ക് നൽകുന്ന വൈദ്യുതി നിയന്ത്രിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനുള്ള സാഹചര്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥലങ്ങളിലേയും സ്ഥാപനങ്ങളിലേയും അലങ്കാര ദീപങ്ങൾക്കാണ് പ്രസ്തുത നിയന്ത്രണം ബാധകമാകുന്നത്; വിശദമാക്കുമോ;

(ഡി) നിയന്ത്രണത്തിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ലഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>അധിക വൈദ്യുതിക്ക് അധിക ചാർജ്ജ്</u>

7934 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കൾക്ക് കൂടുതൽ വൈദ്യുതി നിയന്ത്രണവും അധിക വൈദ്യുതിക്ക് അധിക ചാർജ്ജ് ഈടാക്കുന്നതിനും വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ബോർഡ് മുന്നോട്ട് വെച്ചിട്ടുള്ളതെന്ന് വിശദാമാക്കാമോ ;

(സി) ഇതിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് അംഗീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിന് നടപടി

7935 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വളരെക്കുറച്ച് യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

വൈദ്യുതിയുടെ അധിക ഉപഭോഗം

7936 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
,, ജി. എസ്. ജയലാൽ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയുടെ അധിക ഉപഭോഗം ഉണ്ടാകുന്നുണ്ട് ; ഓരോ വർഷവും സംസ്ഥാനത്ത് ആവശ്യമായി വരുന്ന അധിക വൈദ്യുതി കണ്ടെത്തുന്നതിനുള്ള സ്രോതസ്സുകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; അധിക വൈദ്യുതി ഉൽപ്പാദനത്തിനായി എത്ര പദ്ധതികളാണ് പരിഗണനയിലുള്ളത് ; അവ ഏതെല്ലാം ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതി കുടിശ്ശിക ഈടാക്കുന്ന രീതി</u>

7937 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതഗതാവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈമാറ്റം ചെയ്ത സ്ഥാപനത്തിലേയോ വീടുകളിലേയോ വൈദ്യുതി കുടിശ്ശിക പുതിയ ഉപഭോക്താവിൽ നിന്ന് ഈടാക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ നിയമം ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

(സി) യഥാർത്ഥ കുടിശ്ശികക്കാരിൽ നിന്നും തുക ഈടാക്കിയ ശേഷം പുതിയ ഉപഭോക്താവിന് ഈ തുക തിരിച്ചു നൽകുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡ് കമ്പനിയാക്കുമ്പോൾ പെൻഷൻ നൽകുന്നതിന് ത്രികക്ഷി കരാർ</u>

7938 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് കമ്പനിയാക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളിലേതുപോലെ പെൻഷൻകാർക്ക് ത്രികക്ഷി കരാർ നടപ്പിലാക്കുമോ ;

(ബി) ഈ വിഭാഗം പെൻഷൻകാർക്ക് പെൻഷൻ നൽകാൻ സർക്കാർ ഗ്യാരന്റി നൽകുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ആർ.ആർ.ജി.വി.വൈ പദ്ധതി നടപ്പിലാക്കുന്ന ജില്ലകൾ</u>

7939 ശ്രീ. സണ്ണി ജോസഫ്
,, എം.പി. വിൻസെന്റ്
,, പാലോട് രവി
,, റ്റി. എൻ പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ.ആർ.ജി. വി. വൈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ബി) മറ്റ് ജില്ലകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കല്ലറ സബ്സ്റ്റേഷൻ</u>

7940 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈക്കത്തെ കാർഷിക ഗ്രാമീണ മേഖലയായ കല്ലറയിലേയും പരിസര പ്രദേശങ്ങളിലേയും വൈദ്യുതി തകരാറ് സംബന്ധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അനുവദിച്ച കല്ലറ സബ്സ്റ്റേഷന് കല്ലറ പഞ്ചായത്ത് ലഭ്യമാക്കിയ സ്ഥലം വൈദ്യുതി ബോർഡ് ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കല്ലറയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ പരിധിയിൽ ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) നിർദ്ദിഷ്ട സബ്സ്റ്റേഷന്റെ ശേഷി എത്രയെന്നും ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ഗുരുതരമായ രോഗം ബാധിച്ചവർക്കുള്ള സൗജന്യ വൈദ്യുതി കണക്ഷൻ</u>

7941 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുതര രോഗങ്ങൾ ബാധിച്ചവർ അംഗങ്ങളായ വീടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഏതെല്ലാം മാരക രോഗം ബാധിച്ചവരുടെ കുടുംബങ്ങൾക്കാണ് ഇപ്രകാരം വൈദ്യുതി കണക്ഷൻ നൽകുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം വൈദ്യുതി കണക്ഷനും ഇളവുകളും ലഭിക്കുന്നതിന് ചേർത്തല മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾ പരിഗണിച്ചു എന്നതിന്റെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ചാർജ്ജ്

7942 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധരരായ ആളുകളുടെ വീടിന് മുകളിൽക്കൂടിയും വീട് വയ്ക്കാനായി വാങ്ങിയ സ്ഥലത്തിന് മുകളിൽ കൂടിയും കടന്ന് പോകുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നിലവിൽ ചാർജ്ജ് ഈടാക്കാറുണ്ടോ ;

(ബി) ഇപ്രകാരമുളള ലൈൻ മാറ്റുന്നതിന് പണം അടയ്ക്കാൻ കഴിയാത്തതിന്റെ പേരിൽ നിർദ്ധരരായ നിരവധി പേരുടെ വീട് പണി പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ധരർക്ക് സൗജന്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

പവര്‍ ബൈപ്പാസ്

7943 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടിക്കടി ഏര്‍പ്പെടുത്തുന്ന പവര്‍കട്ട് ഒഴിവാക്കുന്ന തിനും ഉപഭോക്താക്കള്‍ക്ക് തടസ്സം കൂടാതെ വൈദ്യുതി ലഭിക്കുന്നതിനും പവര്‍ ബൈപ്പാസ് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങള്‍ നടത്തിയിട്ടുണ്ടോ; വിശദാംശം നല്‍കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഊര്‍ജ്ജ ഓഡിറ്റ്</u>

7944 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, റ്റി. എന്‍. പ്രതാപന്‍
,, സി. പി. മുഹമ്മദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇ.എം.സി. ഊര്‍ജ്ജ ഓഡിറ്റ് നടത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം മേഖലയിലാണ് ഊര്‍ജ്ജ ഓഡിറ്റ് നടത്തുന്നത് ; വിശദാംശം നല്‍കാമോ ;

(സി) വലിയ കെട്ടിടങ്ങളിലും വ്യവസായ മേഖലയിലും എത്ര കാലം കൂടുമ്പോഴാണ് ഊര്‍ജ്ജ ഓഡിറ്റ് നടത്തുന്നത് ; വിശദാംശം നല്‍കാമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

തൃശ്ശൂർ ജില്ലയിലെ ഊർജ്ജ ഓഡിറ്റ്

7945 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൃശ്ശൂർ ജില്ലയിൽ നടത്തിയിട്ടുള്ള ഊർജ്ജ ഓഡിറ്റിന്റെ വിശദാംശം നൽകുമോ ;

(ബി) ഇപ്രകാരം ഓഡിറ്റ് നടത്തി ഗുരുതരമായ വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ്

7946 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്തതു വഴി കഴിഞ്ഞ സാമ്പത്തിക വർഷം വൈദ്യുതി ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടമുണ്ടായി;

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര മീറ്ററുകളാണ് കേടായി കിടക്കുന്നത്; നിലമ്പൂർ ഡിവിഷനിൽ എത്ര മീറ്ററുകളാണ് കേടായി കിടക്കുന്നത്;

(സി) ആകെയുള്ള മീറ്ററുകളിൽ പകുതിയും കേടായ മീറ്ററുകളുള്ള സെക്ഷനുകൾ സംസ്ഥാനത്തുണ്ടോ; ഉപഭോക്താക്കളുടെ അനിയന്ത്രിതമായ വൈദ്യുതി ഉപഭോഗമാണ് മീറ്ററുകൾ കേടാകുന്നതിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കേടായ മുഴുവൻ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡിന് എത്ര കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) സംസ്ഥാനത്ത് എത്ര എച്ച്.ടി (വ്യാവസായികം) ഉപഭോക്താക്കളുടെ മീറ്ററുകളാണ് പ്രവർത്തനരഹിതമായി ട്ടുള്ളത്; വ്യക്തമാക്കുമോ;

(എഫ്) നിലവിൽ വൈദ്യുതി ബോർഡിന് മീറ്ററുകൾ നിർമ്മിച്ചു നൽകുന്നത് ഏതൊക്കെ സ്ഥാപനങ്ങളാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

വൈദ്യുതി വിതരണ മേഖലയിലെ സാധന സാമഗ്രികളുടെ ദൗർലഭ്യം

7947

ശ്രീ. ഇ. പി. ജയരാജൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. റ്റി. വി. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമല്ലാത്തതിനാൽ വൈദ്യുതി വിതരണ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിതരണ സർക്കിൾ സ്റ്റോറുകളുടെ പ്രവർത്തനം നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന് പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി.യിൽ സിസ്റ്റം ചെയിഞ്ചിന്റെ ഭാഗമായുള്ള പരിഷ്ക്കാരങ്ങളും പ്രത്യാഘാതങ്ങളും

7948 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ സിസ്റ്റം ചെയിഞ്ചിന്റെ ഭാഗമായി നടപ്പിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണ് ; ഇത് പ്രകാരം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം, വാഹനങ്ങളുടെ ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പരിഷ്ക്കാരങ്ങൾ പൊതു സമൂഹത്തിനും, ഗുണഭോക്താക്കൾക്കും എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ബോർഡ് ഉത്തരവ് No.(FM) Gnl No. 1267/12 (AEIV/DPC/Veh/39/10 dt.TVM 4/7/12 പ്രകാരം വാഹന ഉപയോഗ സമയവും ദൂരവും നിയന്ത്രിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ മുൻപത്തേതിൽ നിന്നും വ്യത്യസ്തമായി എന്തൊക്കെ നിയന്ത്രണങ്ങളാണ് ഈ ഉത്തരവിലൂടെ ബോർഡ് പുതുതായി ഏർപ്പെടുത്തിയത് ;

(ഡി) പ്രസ്തുത നിയന്ത്രണങ്ങൾ സമൂഹത്തിലും, സെക്ഷൻ ഓഫീസുകളിലും ഉണ്ടാക്കാൻ സാദ്ധ്യതയുള്ള ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; വാഹനത്തിന്റെ സമയ/ദൂര നിയന്ത്രണങ്ങൾ പിൻവലിക്കുവാൻ നടപടി കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതി ഉല്പാദന സാമഗ്രികള്‍ വിലകുറച്ച് നല്കുന്നതിന് നടപടി</u>

7949 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പുതുതായി നിര്‍മ്മിക്കുന്ന വീടുകള്‍ക്കും കെട്ടിടങ്ങള്‍ക്കും 'സോളാര്‍' ഉള്‍പ്പെടെയുള്ള വൈദ്യുത സ്രോതസ്സുകള്‍ ഉപയോഗപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികള്‍ വില കുറച്ച് നല്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ ; വിശദാംശം നല്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി</u>

7950

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ എത്ര പേർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) അമ്പലപ്പുഴ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയിൽ, എന്ത് തുക മിച്ചമുണ്ടായിരുന്നു;

(ഡി) ഒന്നിൽക്കൂടുതൽ പോസ്റ്റുകൾ സ്ഥാപിച്ചാൽ മാത്രമേ വൈദ്യുതി ലഭിക്കുകയുള്ളൂ എന്ന സ്ഥിതിയുള്ള നിരവധി നിർദ്ധനരുടെ വീടുകൾ ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

നാട്ടിക നിയോജകമണ്ഡലത്തിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് പദ്ധതി

7951 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം കോളനി തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത വീടുകൾ വൈദ്യുതീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ</u>

7952 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ സെക്ഷൻ ആഫീസുകൾ ഏതെല്ലാമെന്നും അവ എവിടെയാണ് സ്ഥിതിചെയ്യുന്നത് എന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ വിവിധ സെക്ഷൻ ആഫീസുകളിലായി വൈദ്യുതി കണക്ഷന് വേണ്ടിയുള്ള എത്ര അപേക്ഷകർ ലഭിച്ചുവെന്നും അതിൽ പരിഗണിക്കപ്പെടാത്ത അപേക്ഷകൾ ഏതൊക്കെയെന്നും അപേക്ഷകർ ആരെല്ലാമെന്നും സെക്ഷൻ ആഫീസ് തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കൾ

7953 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കളുടെ പേരും വിലാസവും ഉൾപ്പെടെയുള്ള വിശദ വിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗങ്ങളിൽ നിന്ന് വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കാമോ;

(ഡി) എച്ച്.റ്റി/ഇ.എച്ച്.റ്റി വിഭാഗങ്ങളിൽ കൂടുതൽ തുക കുടിശ്ശിക വരുത്തിയിട്ടുള്ള ഉപഭോക്താക്കളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**24.07.2012-ലെ മറുപടിക്ക്**

<u>നാദാപുരം മിനി ജലവൈദ്യുതി പദ്ധതി</u>

7954 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മിനി ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനപുരോഗതി വിലയിരുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ആറങ്ങോട്ടുകര 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം</u>

7955 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ആറങ്ങോട്ടുകര 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന്റെ കരാർ ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളതെന്നും, നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>33 കെ.വി സബ്സ്റ്റേഷനുകൾ</u>

7956 ശ്രീ. പി.റ്റി.എ റഹീം
,, കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 33 കെ.വി സബ്സ്റ്റേഷനുകൾ നിർമ്മിക്കേണ്ടതില്ല എന്ന് വൈദ്യുതി ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം ഏതെങ്കിലും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ എടുത്തിട്ടുള്ളത്;

(സി) അല്ലെങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കാസറഗോഡ് ജില്ലയിലെ സെക്ഷന്‍ ഓഫീസുകള്‍</u>

7957 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസറഗോഡ് ജില്ലയില്‍ എത്ര വൈദ്യുതി സെക്ഷന്‍ ഓഫീസുകള്‍ ഉണ്ട്;

(ബി) സെക്ഷന്‍ ഓഫീസിന്റെ പരിധിയില്‍ വരുന്ന പരമാവധി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കാസറഗോഡ് ജില്ലയില്‍ ഉപഭോക്താക്കളുടെ ആധിക്യം കാരണം വിഭജിക്കപ്പെടേണ്ട എത്ര സെക്ഷന്‍ ഓഫീസുകള്‍ ഉണ്ട്;

(ഡി) വിഭജനം അനിവാര്യമായ ഓഫീസുകളുടെ വിഭജനം എന്ന് സാധ്യമാകുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ സെക്ഷൻ ഓഫീസുകൾ</u>

7958 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആവശ്യമുണ്ടെന്ന് അറിയിക്കാമോ ;

(ബി) ആയവ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതുതായി 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കൊണ്ടോട്ടിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്</u>

7959 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നിലവിൽ എത്ര ഉപഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സെക്ഷനുകൾ ഏതെങ്കിലും വിഭജിച്ച് പുതിയത് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സെക്ഷനുകളാണ് വിഭജിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## കാസറഗോഡ് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

7960 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് മണ്ഡലത്തിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ബി) കാസറഗോഡ് മണ്ഡലത്തിൽ മാത്രം നിരന്തരം അപ്രഖ്യാപിത പവർകട്ട് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം കണ്ടെത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

**വൈത്തിരി കെ.എസ്.ഇ.ബി. സെക്ഷന്റെ പരിധിയിൽ വോൾട്ടേജ് ക്ഷാമം**

7961 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ വൈത്തിരി കെ.എസ്.ഇ.ബി. സെക്ഷന്റെ പരിധിയിൽ വരുന്ന എൻ.എം.എസ്.എം. ഗവൺമെന്റ് കോളേജിലും പരിസര പ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഇതുമൂലം പ്രസ്തുത കോളേജിലെ ഡിജിറ്റൽ ക്ലാസ്സ് റൂം, ലബോറട്ടറി എന്നിവ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഒത്തിരിവെട്ടം പദ്ധതി</u>

7962 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി പ്രാദേശിക വികസന ഫണ്ട് ഉപയോഗപ്പെടുത്തി, ജനകീയ പങ്കാളിത്തത്തോടെ 'ഒത്തിരിവെട്ടം' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനാൽ ബോർഡിൽ നിലവിലുള്ള സർവ്വീസ് ചാർജ് പൂർണ്ണമായും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചതെന്നും അതിൻമേലുള്ള തീരുമാനം എന്താണെന്നും അറിയിക്കുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## വൈദ്യുതി ബോർഡ് പ്രസരണമേഖലയിൽ നിശ്ചയിച്ചിരുന്ന ടാർജറ്റ്

7963 ശ്രീ. എം. ചന്ദ്രൻ
,, ജെയിംസ് മാത്യു
,, ബാബു എം. പാലിശ്ശേരി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് 2011-12 വർഷത്തിൽ പ്രസരണമേഖലയിൽ നിശ്ചയിച്ചിരുന്ന ടാർജറ്റ് എത്രയായിരുന്നു; പ്രസ്തുത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(ബി) 2012-13 വർഷത്തിൽ നിശ്ചയിച്ചിട്ടുള്ള ടാർജറ്റ് എത്രയാണ്; 2011-12, 2012-13 വർഷങ്ങളിലേക്ക് നേരത്തേ നിശ്ചയിച്ചിരുന്ന ടാർജറ്റ് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർത്തിയാക്കാത്തതിനാൽ ഇവയ്ക്ക് വേണ്ടി ഓർഡർ നൽകിയ പവർ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ കഴിയാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് വൈദ്യുതി ബോർഡിന് നഷ്ടം വരുത്തുന്ന സ്ഥിതിയുണ്ടാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>രാത്രികാലങ്ങളിലുണ്ടാകുന്ന വൈദ്യുതി തകരാറ്</u>

7964 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പ്രദേശത്തെ വൈദ്യുതി വിതരണം രാത്രികാലങ്ങളിൽ തടസ്സപ്പെട്ടാൽ അപ്പോൾതന്നെ അത് പുന:സ്ഥാപിക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ നിർദ്ദേശം നല്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) അത്തരത്തിലുള്ള നിർദ്ദേശം നിലവിലില്ലെങ്കിൽ കാസർഗോഡ് ജില്ലയിൽ രാത്രികാലങ്ങളിൽ ഒരു പ്രദേശത്ത് സപ്ലൈ തകരാറ് പരിശോധിക്കാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ രാത്രികാലങ്ങളിലുണ്ടാകുന്ന വൈദ്യുതി തകരാറ് ഉടനടി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നല്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന രാത്രികാല വാഹനസൗകര്യം

7965 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന രാത്രികാല വാഹനസൗകര്യം നിറുത്തലാക്കിയതു മൂലം ജീവനക്കാരുടെ ഡ്യൂട്ടി സംബന്ധിച്ചുള്ള യാത്രകൾ തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രികാലങ്ങളിൽ ലൈൻ കമ്പികൾ പൊട്ടി വീണും മറ്റും ഉണ്ടാകുന്ന അപകടം ഒഴിവാക്കുന്നതിന് ഏണി ഉൾപ്പെടെയുള്ള സാധനസാമഗ്രികൾ വാഹനത്തിൽ മാത്രമേ കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട രാത്രികാല സേവനങ്ങൾക്ക് തടസ്സം നില്ക്കുന്ന പ്രസ്തുത തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി.യിലെ പെന്‍ഷന്‍ പരിഷ്ക്കരണം

7966 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബോര്‍ഡിലെ പെന്‍ഷന്‍ അവസാനമായി പരിഷ്ക്കരിച്ചുത്തരവായത് എന്നാണ്;

(ബി) പെന്‍ഷന്‍ പരിഷ്ക്കരണം കുടിശ്ശികയായിട്ട് എത്ര വര്‍ഷമായി;

(സി) പെന്‍ഷന്‍ പരിഷ്ക്കരണത്തിന് കാലതാമസമുണ്ടാകാന്‍ കാരണമെന്താണ്;

(ഡി) സര്‍ക്കാര്‍ സര്‍വ്വീസിലുള്ളവരുടേതുപോലെ പെന്‍ഷന്‍ പരിഷ്ക്കരിക്കുമെന്ന് 28-02-2011-ല്‍ കെ.എസ്.ഇ.ബി. ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കില്‍ ആയത് നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതെന്തുകൊണ്ടാണ്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## വൈദ്യുതി ബോര്‍ഡിലെ ആശ്രിത നിയമനം

7967

ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന വൈദ്യുതി ബോര്‍ഡില്‍ ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുവാനായി എത്ര അപേക്ഷകരാണ് നിലവിലുളളത്;

(ബി) പ്രസ്തുത അപേക്ഷകരുടെ പേരും, മേല്‍വിലാസവും ലഭ്യമാക്കുമോ; ഏതെല്ലാം ഓഫീസുകളില്‍ ഏതൊക്കെ തസ്തികകളില്‍ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ ആശ്രിതരാണ് അപേക്ഷകള്‍ നല്‍കിയിട്ടുളളത്; അപേക്ഷ നല്‍കിയ തീയതി ഉള്‍പ്പെടെയുളള വിശദാംശം നല്കാമോ;

(സി) ആശ്രിത നിയമനത്തിന് അപേക്ഷ സമര്‍പ്പിച്ചവരില്‍ ഭൂരിഭാഗവും താഴെതലത്തില്‍ ജോലി നോക്കിയിരുന്ന ജീവനക്കാരുടെ ആശ്രിതര്‍ ആണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഏറെ സാമ്പത്തിക ക്ലേശം അനുഭവിയ്ക്കുന്ന വിധവകള്‍ ഉള്‍പ്പെടെയുളള ആശ്രിതര്‍ക്ക് നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ഇക്കാര്യത്തില്‍ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) ആശ്രിത നിയമനം നടത്തുവാന്‍ ആവശ്യമായ തസ്തികകള്‍ നിലവിലില്ലാ എങ്കില്‍ സൂപ്പര്‍ ന്യൂമററി തസ്തികകള്‍ സൃഷ്ടിച്ച് ആശ്രിത നിയമനത്തിന് അപേക്ഷിച്ചിട്ടുളളവര്‍ക്ക് നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

**2011-12 കാലയളവിൽ ബോർഡ് നൽകിയിട്ടുള്ള പ്രമോഷനുകൾ**

7968 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 12 വർഷമായി കെ.എസ്.ഇ.ബി യിൽ ഒരേ തസ്തികയിൽ പ്രമോഷനില്ലാതെ ജോലി ചെയ്യുന്ന ഓഫീസർ/എഞ്ചിനീയർ എന്നിവരുടെ എണ്ണം തസ്തിക തിരിച്ച് നൽകാമോ;

(ബി) 2011-12 കാലയളവിൽ ബോർഡ് നൽകിയിട്ടുള്ള പ്രമോഷനുകളുടെ വിശദാംശങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കെ.എസ്.ഇ.ബി. യിലെ പുതിയ തസ്തികകൾ

7969 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. യിൽ പുതുതായി എത്ര തസ്തികകളാണ് അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സുരക്ഷാ ജോലികൾക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം</u>

7970 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിൽ സുരക്ഷാ ജോലികൾക്കായി വിമുക്ത ഭടന്മാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര പേർ എത്ര കാലമായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം ജോലി ചെയ്തിരുന്ന വിമുക്ത ഭടന്മാരെ പിരിച്ചുവിട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പിരിച്ചുവിടാനുണ്ടായ സാഹചര്യമെന്താണെന്നും അവർക്ക് പകരം പ്രസ്തുത ജോലിക്ക് ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയതെന്നും ഏത് ഏജൻസി വഴിയാണ് ചുമതലപ്പെടുത്തിയതെന്നും അറിയിക്കുമോ ;

(ഇ) സുരക്ഷാ ജോലികൾക്ക് പരിചയ സമ്പന്നരായ വിമുക്ത ഭടന്മാർക്ക് മുൻഗണന നൽകുന്നതിന് ആവശ്യമായ ഉത്തരവ് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പാലക്കാട്-പൊള്ളാച്ചി റെയിൽവേ ലൈൻ ഗേജ് മാറ്റം</u>

7971 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-പൊള്ളാച്ചി റെയിൽവേ ലൈൻ ഗേജ് മാറ്റം സംബന്ധിച്ച പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പാലക്കാട്-പൊള്ളാച്ചി റെയിൽവേ ലൈൻ ഗേജ് മാറ്റം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കോട്ടിക്കുളം റെയിൽവേ ഓവർ ബ്രിഡ്ജ്</u>

7972 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) റെയിൽവേ പ്ലാറ്റ്ഫോറം മുറിച്ചു പോകുന്ന പ്രസ്തുത ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ഓവർബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ഡി) ഈ ഏജൻസി പ്രസ്തുത ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ് ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കൊല്ലങ്കോട്-തൃശ്ശൂർ റെയിൽവേ ലൈൻ</u>

7973 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട്-തൃശ്ശൂർ റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട റെയിൽവേ ലൈനിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കേരളം ആസ്ഥാനമാക്കി റെയിൽവേ സോൺ</u>

7974

തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദക്ഷിണ റെയിൽവേയിലെ തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളും കൊങ്കൺ റെയിൽവേ കോർപ്പറേഷന് കീഴിൽ മഡ്ഗാവ് വരെയുള്ള ഭാഗവും ദക്ഷിണ പശ്ചിമ റെയിൽവേയിൽ മൈസൂർ ഡിവിഷണൽ മംഗലാപുരം മുതൽ ഹാസൻ വരെയുള്ള ഭാഗവും ചേർത്ത് പെനിൻസുലാർ സോൺ രൂപീകരിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളം ആസ്ഥാനമാക്കി റെയിൽവേ സോൺ വേണമെന്ന ആവശ്യത്തിന്റെ അനിവാര്യത വിദഗ്ദ്ധ സമിതിയെ ബോദ്ധ്യപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തൊക്കെ നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റയിൽ പദ്ധതിയിൽ</u>
<u>ഡി.എം.ആർ.സി യുടെ പങ്ക്</u>

7975 ശ്രീ. എം. എ ബേബി
,, എസ്. ശർമ്മ
,, വി. ശിവൻകുട്ടി
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയിൽ ഡി.എം.ആർ.സി. യുടെ പങ്ക് എന്തായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി എപ്രകാരം നടപ്പാക്കണമെന്നതിനെ സംബന്ധിച്ച് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് കമ്പനി എടുത്തിട്ടുള്ള തീരുമാനങ്ങൾ വിശദമാക്കാമോ; പൂർണ്ണ ചുമതലയോടെ മാത്രമേ പദ്ധതി നിർമ്മാണം ഏറ്റെടുക്കുയുള്ളൂ എന്ന ഡി.എം.ആർ.സി യുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളും മാനേജിംഗ് ഡയറക്ടറും ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) 2006-ൽ മുൻ സർക്കാർ കേന്ദ്രാനുമതിക്കായി സമർപ്പിച്ച പദ്ധതിയിൽ കണക്കാക്കപ്പെട്ടിരുന്ന പദ്ധതി ചെലവ് എത്രയായിരുന്നു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഗതാഗത വകുപ്പിന്റെ നവീകരണം</u>

7976

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിന്റെ നവീകരണം സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയ എന്തെങ്കിലും റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് നിർദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(സി) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കാത്തതിനാൽ ചെക്ക്പോസ്റ്റുകളിൽ ഫീസിനത്തിലും, വാഹന നികുതിയിനത്തിലും വരുമാന നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വരുമാന നഷ്ടം ഒഴിവാക്കുന്നതിനായി ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഓഫീസുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>മോട്ടോർവാഹനവകുപ്പ് കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്</u>

7977 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന വകുപ്പ് സബ് ആർ.റ്റി ഓഫീസുകളുംഎൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ആരംഭിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനും വാഹനനികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കേന്ദ്ര റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും സംസ്ഥാന സർക്കാരിന് അനുവദിച്ച തുക</u>

7978 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും സംസ്ഥാന സർക്കാരിന് 2009-ന് ശേഷം എന്തുതുക ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈയിനത്തിൽ സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## <u>ഇ- പെയ്മെന്റ്</u>

7979 ശ്രീ. ഷാഫി പറമ്പിൽ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ഇ- പെയ്മെന്റ് സംവിധാനം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിന്റെ പുന:സംഘടന</u>

7980

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്ന കാര്യം പുന:സംവിധാനത്തിൽ പരിഗണിക്കുമോ; വിശദമാക്കുമോ;

(സി) വാഹന പരിശോധനയ്ക്ക് കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാനും വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ പുന:സംവിധാനം ചെയ്യുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം</u>

7981 ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;

(സി) റോഡ് സേഫ്റ്റി അതോറിറ്റിക്കുള്ള ഫണ്ട് ട്രഷറിയിൽ നിന്ന് അതോറിറ്റിക്ക് കൈമാറാതെ കിടപ്പുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഡി) പോലീസ്, മരാമത്ത്, മോട്ടോർ വെഹിക്കിൾ എന്നീ വകുപ്പുകളിലൂടെ ചെലവഴിച്ച തുക വേർതിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള ശുപാർശകൾ

7982 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യാൻ റോഡ് സുരക്ഷാ അതോറിറ്റി അവസാനമായി യോഗം ചേർന്നത് എന്നാണ്; ആ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സുരക്ഷാ അതോറിറ്റി എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിരുന്നോ;

(സി) ശുപാർശയുടെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഈ ശുപാർശയിന്മേൽ സ്വീകരിച്ച /സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ നടപടികൾ</u>

7983 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(ബി) മോട്ടോർവാഹന വകുപ്പിനു കീഴിൽ വാഹന പരിശോധനയ്ക്കായി നിലവിൽ എത്ര എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയൊക്കെയെന്നും വിശദമാക്കാമോ;

(സി) ഇനി സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വാഹനാപകടങ്ങളിൽപ്പെട്ട എത്ര പേരുടെ ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗം</u>

7984 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഫെബ്രുവരി 14-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗത്തിൽ വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ട പ്രകാരം സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ബസ്സുകളുടെ ബോഡി നിർമ്മാണം, സീറ്റുകളുടെ ക്രമീകരണം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച നിയമങ്ങൾ</u>

7985 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സ്റ്റേജ് കാരിയർ ബസ്സുകളുടെ ബോഡി നിർമ്മാണം, സീറ്റുകളുടെ ക്രമീകരണം, സുരക്ഷാ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിയമങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഭൂരിഭാഗം ബസ്സുകളിലുമുള്ള ബുദ്ധിമുട്ടുണ്ടാക്കുന്ന സ്റ്റെപ്പുകൾ, സീറ്റുകളുടെ അകലക്കുറവ്, ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സീറ്റ് ക്രമീകരണം എന്നീ പ്രശ്നങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. വാഹനങ്ങളുടെ വിശദാംശം</u>

7986 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ പക്കൽ ആകെ എത്ര വാഹനങ്ങളാണ് ഉള്ളത്; പട്ടിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ നിരത്തിൽ ഇറക്കാൻ പറ്റാത്ത വിധത്തിലുള്ള എത്ര വാഹനങ്ങളുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം

7987 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; 2012 ജൂൺ മാസത്തെ വരവും ചെലവും തമ്മിലുളള അന്തരം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വിപുലീകരിക്കുക എന്നുളളത് സർക്കാരിന്റെ നയമാണോ ;

(സി) നിലവിലുളള സർവ്വീസുകൾ ദിനംപ്രതി കാൻസൽ ചെയ്യുവാനുളള കാരണം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യിൽ പൊതുജന സേവനത്തിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന വാഹനങ്ങൾക്ക് ചെലവായ തുകയുടെ വിശദാംശം</u>

7988 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പൊതുജന സേവനത്തിനും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന വാഹനങ്ങളിലും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര ലിറ്റർ ഇന്ധനം ഉപയോഗിച്ചു എന്നതിന്റെ കണക്ക് വെവ്വേറെ വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ സി.എം.ഡി, ഇ.ഡി അതാത് യൂണിറ്റ് ഹെഡ് എന്നിവരൊഴികെയുള്ളവർക്ക് കെ.എസ്.ആർ.ടി.സി.യിൽ സൗജന്യ പാസ് ലഭ്യമാക്കിയിട്ടുളളതിന് പുറമെ ചെറു വാഹനങ്ങൾ അനുവദിച്ചു നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) എങ്കിൽ ഈ ഇനത്തിൽ പ്രതിവർഷം എന്ത് തുക ചെലവ് വരുന്നുണ്ട്; വിശദമായ കണക്ക് നൽകുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

**<u>കെ.എസ്.ആർ.ടി.സി. യ്ക്ക് പെയിന്റിംഗ്, റിപ്പയറിംഗ്, സ്പെയർ പാർട്ട്സ് എന്നിവയ്ക്ക് ചെലവായ തുകയുടെ വിശദാംശം</u>**

7989 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ബസ്സുകൾക്കും ഇതര വാഹനങ്ങൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെയിന്റിംഗ്, റിപ്പയറിംഗ്, സ്പെയർ പാർട്ട്സ് എന്നിവ വാങ്ങുന്നതിനായി എന്ത് തുക ചെലവഴിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പാസഞ്ചർ ഇതര വാഹനങ്ങൾക്കായി ചെലവഴിക്കുന്ന തുകയിൽ വരുന്ന വർദ്ധനവ് പരിഗണിച്ച് ഇത്തരം വാഹനങ്ങളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കെ.എസ്.ആർ. ടി.സി യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്ന അവലോകന യോഗങ്ങളിൽ സ്ഥലം എം.എൽ.എ മാരെ പങ്കെടുപ്പിക്കുന്നതിന് നടപടി

7990 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ചേരുന്ന അവലോകന യോഗങ്ങളിൽ അതാത് ഡിപ്പോ പരിധിയിലുള്ള എം.എൽ.എ മാരെ ക്ഷണിക്കണമെന്നാവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അവലോകന യോഗത്തിൽ സ്ഥലം എം.എൽ.എ മാരെ കൂടി പങ്കെടുപ്പിക്കണമെന്ന നിർദ്ദേശം ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

ഓരോ കെ.എസ്.ആർ.ടി.സി ഡിപ്പോയിലും
ഒരു ടൂറിസ്റ്റ് ബസ്സ് പദ്ധതി

7991 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ കെ.എസ്.ആർ.ടി.സി ഡിപ്പോയിലും ഒരു ടൂറിസ്റ്റ് ബസ്സ് എന്ന പദ്ധതി നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ മിതമായ നിരക്കിൽ സ്വകാര്യ ചടങ്ങുകൾക്കും വിനോദയാത്രക്കും ഉതകുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി യുടെ ആധുനിക സൗകര്യങ്ങളുള്ള ഒരു ബസ്സ് ഓരോ ഡിപ്പോയിലും അനുവദിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.ക്ക് നല്ല ലാഭം ലഭിക്കാനുള്ള ഈ പദ്ധതി അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>എല്ലാ കെ.എസ്.ആര്‍.ടി.സി ഡിപ്പോകളില്‍ നിന്നും രാജധാനി സര്‍വ്വീസുകള്‍</u>

7992 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ കെ.എസ്.ആര്‍.ടി.സി ഡിപ്പോകളില്‍ നിന്നും രാജധാനി സര്‍വ്വീസുകള്‍ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങള്‍ നിലവിലുണ്ടോ ; ഉണ്ടെങ്കില്‍ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ആറ്റിങ്ങല്‍, കണിയാപുരം, വെഞ്ഞാറമൂട് ഡിപ്പോകളില്‍ നിന്നും ചിറയിന്‍കീഴ് നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് സര്‍വ്വീസുകള്‍ എന്ന് മുതല്‍ ആരംഭിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം ലഘൂകരിക്കാൻ നടപടി</u>

7993

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സിൽ നിന്ന് കൊടുക്കുന്ന ടിക്കറ്റിന്റെ പിറകുവശത്ത് സ്ഥാപനങ്ങളുടെ പരസ്യം നൽകി, കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം ലഘൂകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം പരിമിതമായെങ്കിലും നികത്താൻ സാധിക്കുന്ന ഈ സംരംഭം ഉടനടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വാഹന പരിശോധന കർശനമാക്കാൻ നടപടി</u>

7994 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയ്ക്കായി വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പരിശോധന കർശനമാക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പരിശോധനയ്ക്കാവശ്യമായ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ എണ്ണക്കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വാഹനപരിശോധനയ്ക്ക് ആധുനികസംവിധാനങ്ങൾ</u>

7995 ശ്രീ. വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനപരിശോധനയ്ക്ക് എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പാതകളിൽ നിരീക്ഷണ ക്യാമറകളും വാഹനപരിശോധനയ്ക്ക് കമ്പ്യൂട്ടറൈസ്ഡ് സംവിധാനവും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ലാമിനേറ്റ് ചെയ്യാനുള്ള പ്ലാസ്റ്റിക് കവറുകളുടെ ക്ഷാമം</u>

7996 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർ.ടി.ഓഫീസുകളിൽ വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ (ആർ.ഡി.കാർഡുകൾ) ലാമിനേറ്റ് ചെയ്യാനുള്ള പ്രത്യേക ഇനം പ്ലാസ്റ്റിക് കവറുകളുടെ ക്ഷാമം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത ആർ.ടി.ഓഫീസുകളിൽ പുതിയ അപേക്ഷകൾക്കൊപ്പം പുതുക്കാനും വിലാസം മാറ്റാനും വാഹനത്തിന്റെ നിറം മാറ്റാനുമായി പ്രതിദിനം എത്ര അപേക്ഷകളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ലാമിനേറ്റ് ചെയ്യാനുള്ള പ്രത്യേക ഇനം പ്ലാസ്റ്റിക് കവറുകൾ നൽകാനുള്ള കരാർ കഴിഞ്ഞ വർഷം ആർക്കാണ് നൽകിയിരുന്നത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കരാറിന്റെ കാലാവധി എന്നുവരെയാണ്; കരാറിന്റെ കാലാവധി അവസാനിച്ചെങ്കിൽ പുതിയ കരാർ നൽകാനുള്ള നടപടിക്രമം വെളിപ്പെടുത്താമോ; ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പ്രായപരിധിയില്‍ താഴെയുള്ള വിദ്യാര്‍ത്ഥികള്‍ ഇരുചക്ര മോട്ടോര്‍ വാഹനങ്ങള്‍ ഓടിച്ചുപോകുന്നത് തടയാന്‍ നടപടി</u>

7997 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മോട്ടോര്‍ വാഹന ലൈസന്‍സ് എടുക്കുന്നതിനുള്ള പ്രായപരിധി എത്രയെന്ന് പറയുമോ;

(ബി) പ്രസ്തുത പ്രായപരിധയില്‍ താഴെയുള്ള വിദ്യാര്‍ത്ഥികള്‍ ഇരുചക്രവാഹനങ്ങള്‍ പൊതുനിരത്തിലൂടെ ഓടിച്ചുപോകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ പത്തു വര്‍ഷങ്ങളിലായി ഇത്തരത്തില്‍ ഡ്രൈവ് ചെയ്ത എത്ര വാഹനങ്ങള്‍ അപകടത്തില്‍പ്പെട്ടിട്ടുണ്ടെന്നും അതില്‍ എത്ര പേര്‍ മരണപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കുമോ;

(ഡി) എങ്കില്‍ പൊതുനിരത്തിലൂടെ ഇത്തരത്തില്‍ വാഹനങ്ങള്‍ ഓടിക്കുന്നത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഡ്രൈവിംഗ് ലൈസന്‍സ് നല്‍കാന്‍ നടത്തുന്ന ടെസ്റ്റുകള്‍</u>

7998

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡ്രൈവിംഗ് ലൈസന്‍സ് നല്‍കാന്‍ എന്തൊക്കെ ടെസ്റ്റുകളാണ് മോട്ടോര്‍ വാഹന വകുപ്പ് നടത്തുന്നത്; ഓരോ ടെസ്റ്റിനും സമയം നിഷ്കര്‍ഷിച്ചിട്ടുണ്ടെങ്കില്‍ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) ആഴ്ചയില്‍ എത്ര ദിവസമാണ് ഡ്രൈവിംഗ് ടെസ്റ്റുകള്‍ നടത്താറുള്ളത്; ഒരു ദിവസം എത്ര ആളുകള്‍ക്ക് ടെസ്റ്റ് നടത്തി ലൈസന്‍സ് നല്‍കാറുണ്ട്;

(സി) 2012 മെയ് 1 മുതല്‍ 31 വരെയുള്ള കാലയളവില്‍ കേരളത്തിലെ ആര്‍.ടി. ഓഫീസുകളിലും സബ് ആര്‍.ടി. ഓഫീസുകളിലും നടന്ന വാഹന രജിസ്ട്രേഷന്‍, നല്‍കിയ ഫിറ്റ്നസ് സര്‍ട്ടിഫിക്കറ്റ്, ലേണേഴ്സ് ലൈസന്‍സ്, ഡ്രൈവിംഗ് ലൈസന്‍സ് എന്നിവയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന

7999 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്താൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണ്;

(ബി) വാഹനത്തിന്റെ ഫിറ്റ്നസ് പരിശോധനയ്ക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എത്രയാണ്;

(സി) സംസ്ഥാനത്ത് ആർ.ടി ആഫീസുകളിലും സബ് ആർ.റ്റി. ആഫീസുകളിലും ഒരു ദിവസം ശരാശരി എത്ര വാഹനങ്ങളുടെ പരിശോധന നടത്താറുണ്ട്;

(ഡി) ഉദ്യോഗസ്ഥരുടെ അഭാവം പരിശോധനയുടെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആയത് പരിഹരിക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ നിയമനം</u>

8000 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പു മന്ത്രി 21.6.2012 ൽ ധനാഭ്യർത്ഥന ചർച്ചയിൽ പ്രഖ്യാപിച്ച 17 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡും 8 റൂറൽ ട്രാൻസ്പോർട്ട് ആഫീസും എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത സ്ക്വാഡ് എല്ലാ സബ് ആർ.ടി ആഫീസിന് കീഴിലും തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം പ്രഖ്യാപിച്ച 17 സ്ക്വാഡ് മുൻപ് അനുവദിച്ച 17 സ്ക്വാഡുകൾക്ക് പുറമേയാണോ എന്ന് വിവരം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

നികുതി കുടിശ്ശിക

8001 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. സെൻകുമാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹനവകുപ്പ് കാര്യക്ഷമമാക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; നടപടികളുടെ അടിസ്ഥാനത്തിൽ ഉണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെല്ലാം;

(ബി) വകുപ്പ് മുഖേന സമാഹരിക്കാനുള്ള നികുതി കുടിശ്ശിക 2010-11, 2011-12 വർഷങ്ങളിലേക്ക് എത്ര വീതമാണ്;

(സി) പ്രസ്തുത നികുതി കുടിശ്ശിക ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) വകുപ്പിൽ കഴിഞ്ഞ വർഷം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ കണക്ക് തസ്തിക തിരിച്ച് അറിയിക്കുമോ;

(ഇ) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഈ തസ്തികയിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

എം. വി. ഐ., എ. എം. വി. ഐ. എന്നിവർ പ്രതിമാസം എടുക്കേണ്ട കേസുകളും ഈടാക്കേണ്ട തുകയും

8002

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എം. വി. ഐ., എ. എം. വി. ഐ. എന്നിവർ പ്രതിമാസം എടുക്കേണ്ട കേസുകളും ഈടാക്കേണ്ട തുകയും നിശ്ചയിക്കുന്ന രീതി നിലവിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എത്രയാണെന്ന് അറിയിക്കാമോ;

(സി) ഇവ പുതുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ പ്രതിദിനം ലഭിക്കുന്ന വരുമാനം

8003 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന ചെക്ക്പോസ്റ്റുകളിൽ പ്രതിദിനം ലഭിക്കുന്ന വരുമാനം എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എത്ര ചെക്ക്പോസ്റ്റുകളിൽ വെയിംഗ് ബ്രിഡ്ജ് ഇല്ല ; അവ ഏതെല്ലാമാണ് ;

(സി) വെയിംഗ് ബ്രിഡ്ജ് ഇല്ലാത്ത ചെക്പോസ്റ്റകളിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി - സ്വകാര്യ ബസ്സുകളിലെ കണ്ടക്ടർമാർക്ക് നെയിം പ്ലേറ്റുകൾ നിർബന്ധമാക്കാൻ നടപടി</u>

8004 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി - സ്വകാര്യ ബസ്സുകളിലെ കണ്ടക്ടർമാർക്ക് നെയിം പ്ലേറ്റുകൾ നിർബന്ധമാക്കി കഴിഞ്ഞ വർഷം മെയ് മാസത്തിൽ മോട്ടോർ വാഹന വകുപ്പ് പുറത്തിറക്കിയ ഉത്തരവ് ഇനിയും പ്രാബല്യത്തിൽ വന്നിട്ടില്ലയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഒരു വർഷം പിന്നിട്ടിട്ടും പ്രസ്തുത ഉത്തരവ് നടപ്പാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാകാത്തത് യാത്രക്കാരുടെ വൻ പ്രതിഷേധത്തിന് ഇടയാക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) ബസ് ജീവനക്കാരെക്കുറിച്ചുള്ള പരാതികൾ വർദ്ധിച്ചുവരുന്നസാഹചര്യത്തിൽ ഇത്തരമൊരു ഉത്തരവ് നടപ്പാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) നെയിം പ്ലേറ്റിനൊപ്പം സ്വകാര്യ ബസിലെ ഡ്രൈവർമാരും കണ്ടക്ടർമാരും നിർബന്ധമായും യൂണിഫോമും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ധരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) എല്ലാ വർഷവും സ്കൂൾ തുറക്കുന്ന സമയത്ത് മോട്ടോർ വാഹന വകുപ്പ് ചില നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതല്ലാതെ ജനങ്ങളുടെ സുരക്ഷിതയാത്രയ്ക്കായി സ്ഥിരം സംവിധാനങ്ങളൊരുക്കാൻ ശ്രമിക്കാറില്ലെന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന ഓഫീസുകൾ</u>

8005 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് വാഹനം രജിസ്റ്റർ ചെയ്യുന്നതിനും, ഡ്രൈവിംങ് ടെസ്റ്റും, ഫിറ്റ്നസ് പരിശോധനയും നടത്തുന്നതിനുമായി എത്ര ആഫീസുകൾ മോട്ടോർ വാഹന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത ആഫീസുകളിൽ 2012 ജനുവരി മുതൽ മേയ് വരെ എത്ര വാഹനങ്ങൾ രജിസ്റ്റർ ചെയ്തു എന്നും എത്ര പേർ ഡ്രൈവിംങ് ടെസ്റ്റ് നടത്തി എന്നും എത്ര ഫിറ്റ്നസ് പരിശോധന നടത്തി എന്നും ഓരോ മാസത്തേയും ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2012 മേയ് മാസം മേൽപ്പറഞ്ഞ ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ, നടത്തിയ ഡ്രൈവിംങ് ടെസ്റ്റ്, ഫിറ്റ്നസ് പരിശോധന എന്നിവ ഓരോ ദിവസവും എത്ര വീതം നടന്നു എന്ന പ്രവർത്തി ദിനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകൾക്ക് റൂട്ടും പെർമിറ്റും
അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

8006 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾക്ക് റൂട്ടും പെർമിറ്റും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ചില റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്നതിൽ നിന്നും പിൻവാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം റൂട്ടുകളിൽ സർവ്വീസ് നടത്താൻ തയ്യാറാകുന്ന സ്വകാര്യ ബസ്സുകൾക്ക് മാനദണ്ഡങ്ങളിൽ ഇളവ് നൽകി റൂട്ടും പെർമിറ്റും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

## സ്വകാര്യ വാഹന ഫൈനാൻസിങ്ങ്

8007 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വാഹന ഫൈനാൻസിങ്ങ് സംബന്ധിച്ച് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചട്ടം 451 (എ) ഓഫ് 1934 അനുസരിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ ഇറക്കിയ സർക്കുലർ നമ്പർ 13/2011 തീയതി 13.6.11 ഗവൺമെന്റ് ഉത്തരവാക്കി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആർ.ബി.ഐ യുടെ ചട്ടം, നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദീകരണം നൽകാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ബസ്സുകളിലെ എയർ ഹോൺ ഉപയോഗം</u>

8008 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ഒട്ടുമിക്ക സ്വകാര്യ ബസ്സുകളിലും എയർ ഹോൺ ഉപയോഗം വ്യാപകമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം ഇത് സംബന്ധിച്ച് എത്ര കേസുകൾ എടുത്തുവെന്നും ആയതുവഴി എത്ര രൂപ സ്വരൂപിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ട്രാഫിക് ബ്ലോക്കുകളിൽ പോലും എയർ ഹോൺ ദുരുപയോഗം ചെയ്യുന്ന ഡ്രൈവർമാരുണ്ട് എന്ന വസ്തുത മനസ്സിലായിട്ടുണ്ടോ; മുന്നിലുള്ള വാഹനങ്ങളെ മറികടക്കാനും മത്സരയോട്ടത്തിനും എയർ ഹോൺ ഉപയോഗിക്കുന്നത് വ്യാപകമാണോ; എങ്കിൽ ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ;

(സി) സീബ്രാ ലൈനിൽ നിൽക്കുന്ന യാത്രികരെ ഭയപ്പെടുത്താനും ചില ഡ്രൈവർമാർ എയർഹോൺ ഉപയോഗപ്പെടുത്തുന്നുവെന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) മൂന്നുമുതൽ അഞ്ച് പൈപ്പുകൾ വരെയുള്ള ഹോണുകൾ ഉപയോഗിക്കുന്ന സ്വകാര്യ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാതെയും പെർമിറ്റ് റദ്ദാക്കിയും എയർ ഹോണുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

(ഇ) ഡ്രൈവര്‍ ക്യാബിനില്‍ യാത്രികര്‍ക്ക് ഇരിപ്പിടം നല്‍കരുതെന്ന നിയമം സ്വകാര്യ ബസ്സുകാര്‍ ലംഘിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടുവോ; ഡ്രൈവര്‍ക്ക് എതിര്‍വശത്തുള്ള ടൂള്‍ ബോക്സിന് മുകളില്‍ യാത്രക്കാരെ ഇരുത്തിയാണ് ചില സ്വകാര്യ ബസ്സുകള്‍ ഓടുന്നത് എന്ന് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത്തരം നിയമവിരുദ്ധ ഡ്രൈവിംഗ് നടത്തുന്ന ഡ്രൈവര്‍മാര്‍ക്കെതിരെ എപ്രകാരമുള്ള നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കേരളത്തിലെ വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളിൽ അനുവദിച്ചിട്ടുള്ള സൗജന്യ നിരക്ക്

8009 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദ്യാർത്ഥികൾക്ക് യാത്രക്കായി അനുവദിച്ചിട്ടുള്ള സൗജന്യനിരക്ക് സ്വകാര്യ ബസ്സുടമകൾ അനുവദിച്ചുകൊടുത്തിട്ടുള്ള ഔദാര്യമാണോ അതോ സർക്കാർ അനുവദിച്ചിട്ടുള്ള അവകാശമാണോ എന്ന് വെളിപ്പെടുത്തുമോ;

(ബി) വിദ്യാർത്ഥികളുടെ സൗജന്യ ബസ് നിരക്കുമായി ബന്ധപ്പെട്ട് കേരളത്തിൽ ഉയരുന്ന തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുവാൻ എന്തു നടപടികളാണ് കൈക്കൊള്ളുന്നത്;

(സി) പല ബസ് സ്റ്റാൻഡുകളിലും ബസ് സ്റ്റോപ്പുകളിലും യാത്രക്കാരെ മുഴുവൻ കയറ്റിയതിനുശേഷം വിദ്യാർത്ഥികളെ ക്യൂ നിർത്തി ബസ്സിൽ കയറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നടപടി നിയമാനുസൃതമാണോ എന്ന് വെളിപ്പെടുത്തുമോ; അല്ലെങ്കിൽ അതിനെതിരെ എന്തു നടപടിയാണ് കൈക്കൊള്ളാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) വിദ്യാർത്ഥികളെ ഈ രീതിയിൽ ബസിൽ കയറ്റുന്നത് സംഘർഷം വർദ്ധിക്കുവാൻ കാരണമാകുന്നതായി അറിയാമോ;

(എഫ്) എങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബസ്സുടമകളും വിദ്യാർത്ഥികളുമായി ഒരു ചർച്ചയ്ക്ക് തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള മാനദണ്ഡം

8010 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സിയിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദീകരിക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഓരോ ഡിപ്പോയിൽ നിന്നും എത്ര കൺസഷൻ പാസ്സുകൾ വിതരണം ചെയ്തിട്ടുണ്ട്;

(സി) വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് ഓരോ ഡിപ്പോയിൽ നിന്നും കൂടുതൽ പാസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് - മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് സ്വകാര്യബസ്സുകളിലും യാത്രാസൗജന്യം</u>

8011 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് - മംഗലാപുരം റൂട്ടിൽ വിദ്യാർത്ഥികൾക്ക് കെ. എസ്. ആർ. ടി. സി.യിലും സ്വകാര്യ ബസ്സുകളിലും യാത്രാ സൗജന്യം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ റൂട്ടിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ഫെയർ സ്റ്റേജിലെ അപാകത</u>

8012 ശ്രീ. എൻ. എ നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് നിന്ന് കുമ്പളയിലേക്ക് നിലവിലുള്ള ഫെയർ സ്റ്റേജ് എത്രയാണ്;

(ബി) കാസറഗോഡ് നിന്ന് 13 കിലോമീറ്റർ ദൂരമുള്ള കുമ്പളയിലേക്കും 8 കിലോമീറ്റർ ദൂരമുള്ള മൊഗ്രാൽ പുത്തൂരിലേക്കും ഒരേ ചാർജ്ജ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഫെയർ സ്റ്റേജിലെ അപാകത പരിഹരിക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

**<u>പയ്യന്നൂരിൽ നിന്നും കാഞ്ഞങ്ങാട്, കാസറഗോഡ് ഭാഗത്തേക്ക് ഫെയർ സ്റ്റേജുകളിലുള്ള വ്യത്യാസം</u>**

8013

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിൽ നിന്നും ദേശീയപാത വഴി കാഞ്ഞങ്ങാട്, കാസറഗോഡ് ഭാഗത്തേക്ക് പോകുന്ന റൂട്ടിൽ കണ്ടോത്ത് മുക്ക് മുതൽ ഓണക്കുന്ന് വരെയുള്ള സ്റ്റോപ്പുകളിൽ കെ.എസ്.ആർ.ടി.സി.യ്ക്കും സ്വകാര്യ ബസിനും ഫെയർ സ്റ്റേജുകളിൽ വ്യത്യാസമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോയെന്നും അതിന്മേൽ തീരുമാനമെടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി. ബസുകളിൽ ഫെയർസ്റ്റേജിലുള്ള അപാകത മൂലം അധിക ചാർജ് ഈടാക്കുന്നത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>കാസറഗോഡ് ജില്ലയിൽ ആർ. ടി. ഓഫീസുകളിലെ ഒഴിവുകൾ</u>

8014 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ ആർ. ടി. ഓഫീസുകളിലും അനുബന്ധ ഓഫീസുകളിലുമായി വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്; തസ്തിക തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ആയിറ്റി ബോട്ട് സർവ്വീസ് സെന്ററിനു കീഴിലുള്ള ബോട്ടുകളുടെ വിശദാംശം</u>

8015 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന് കീഴിൽ ആയിറ്റി ബോട്ട് സർവ്വീസ് സെന്ററിനു കീഴിൽ എത്ര ബോട്ടുകൾ ഇപ്പോൾ ഗതാഗതത്തിന് ഉപയോഗിക്കുന്നുണ്ട്;

(ബി) എത്ര ബോട്ടുകൾ ഗതാഗതം നടത്താതെ കയറ്റിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കെ.എസ്.ആര്‍.ടി.സി. പുതിയതായി വാങ്ങുന്ന ബസ്സുകള്‍</u>

8016 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കെ.എസ്.ആര്‍.ടി.സി. പുതിയതായി ബസ്സുകള്‍ വാങ്ങുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ വെളിപ്പെടു
ത്തുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

തിരുവനന്തപുരം നഗരത്തിലെ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ

8017 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി യുടെ പേരൂർക്കട, വികാസ്ഭവൻ, കിഴക്കേകോട്ട, പാപ്പനംകോട് ഡിപ്പോകൾ ആധുനിക രീതിയിൽ വികസിപ്പിച്ച് സിറ്റി സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തിരുവനന്തപുരത്ത് ഈഞ്ചക്കലിൽ കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ സ്ഥാപിക്കണമെന്ന നിർദ്ദേശത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>മങ്കട മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി ബസ്സുകൾ</u>

8018 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലപ്പുറം ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് പുതിയ കെ.എസ്.ആർ.ടി.സി ബസ്സുകൾ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുവരെ പുതിയ ഒരു കെ.എസ്.ആർ.ടി.സി ബസ്സു പോലും അനുവദിക്കാത്ത മലപ്പുറം ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് പുതുതായി ബസ്സുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പുതുതായി ഒരു കെ.എസ്.ആർ.ടി.സി ബസ്സ് അനുവദിച്ചു എന്ന് അറിയിച്ചിട്ടും ആയത് ഇതു വരെ അനുവദിക്കാത്ത മങ്കട മണ്ഡലത്തിൽ പുതിയ ബസ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>തൃശൂർ - കോഴിക്കോട്, തൃശൂർ -ഗുരുവായൂർ റൂട്ടിലെ സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ</u>

8019 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ - കോഴിക്കോട്, തൃശൂർ - ഗുരുവായൂർ റൂട്ടിലെ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന സ്വകാര്യ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ മാനദണ്ഡങ്ങൾ പാലിക്കാതെ ഫാസ്റ്റ് പാസഞ്ചറുകളും, സൂപ്പർ ഫാസ്റ്റുകളുമാക്കി മാറ്റിക്കൊണ്ട് അമിത ചാർജ്ജ് ഈടാക്കി യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രക്കാരുടെ എണ്ണം, സീറ്റുകളുടെ വലിപ്പം, സീറ്റുകളുടെ അകലം എന്നിവ നിയമാനുസൃതം ബസ്സുകളിൽ പാലിക്കപ്പെടാതെ അമിത ചാർജ്ജ് വസൂലാക്കി സർവ്വീസ് നടത്തുന്ന ഇത്തരം ബസ്സ് ഓപ്പറേറ്റർമാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത റൂട്ടിൽ കെ. എസ്. ആർ. ടി.സി ഓർഡിനറി ടൗൺ ടു ടൗൺ സർവ്വീസുകൾ കൂടുതലായി അനുവദിക്കുമോ;

(ഡി) സ്വകാര്യ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ് എന്നീ ബസ്സ് സർവ്വീസുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>തമ്പാനൂർ ഊരൂട്ടമ്പലം കാട്ടാക്കട റൂട്ടിൽ</u>
<u>കെ.എസ്.ആർ.ടി.സി ബസ്സുകൾ</u>

8020 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തമ്പാനൂരിൽ നിന്ന് ആരംഭിച്ച് ഊരുട്ടമ്പലം വഴി കാട്ടാക്കട വരെയുള്ള റൂട്ടിൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ യാത്രക്കാരുടെ എണ്ണത്തിനനുസരിച്ച് കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) ഈ റൂട്ടിലെ ബസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ റൂട്ടിലെ ലോ ഫ്ളോർ ജൻററം എ.സി.ബസ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ;

(ഡി) ഈ റൂട്ടിൽ കൂടുതൽ എ.സി ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

വഴിക്കടവ് - നിലമ്പൂർ - അരീക്കോട് - വാഴക്കാട് വഴി
കെ. എസ്. ആർ. ടി. സി. ബസ്സുകൾ

8021 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വഴിക്കടവ് - നിലമ്പൂർ - അരീക്കോട് - വാഴക്കാട് വഴി കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിലൂടെ പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ കോഴിക്കോട്ടേയ്ക്ക് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം റൂട്ടിൽ പെർമിറ്റ് ലഭിച്ചിരുന്നുവെന്നും ഇവ എന്ന് സർവ്വീസ് നടത്തുന്നതിന് സാധിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ, വെഞ്ഞാറമൂട്, കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് അനുവദിച്ചു നൽകിയ ബസ്സുകൾ</u>

8022 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആറ്റിങ്ങൽ, വെഞ്ഞാറമൂട്, കണിയാപുരം കെ.എസ്.ആർ.ടി.സി. ഡിപ്പോകൾക്ക് പുതുതായി എത്ര ബസ്സുകൾ അനുവദിച്ചു നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത ബസ്സുകൾ ഉപയോഗിച്ച് ആരംഭിച്ചിട്ടുളള സർവ്വീസുകൾ ഏതെല്ലാം; വ്യക്തമാക്കാമോ ;

(സി) ഈ ഡിപ്പോകളിൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ ബസ്സുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ ബസ്സുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>പെരിന്തൽമണ്ണ - തൃശ്ശൂർ റൂട്ടിലെ ചെർപ്പുളശ്ശേരി, ഒറ്റപ്പാലം ഷൊർണ്ണൂർ ബസ്സ് റൂട്ടുകൾ പുനരാരംഭിക്കാൻ നടപടി</u>

8023 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിൽ നിന്നും ഓപ്പറേറ്റ് ചെയ്ത് വന്നിരുന്ന പെരിന്തൽമണ്ണ - തൃശ്ശൂർ റൂട്ടിലെ ചെർപ്പുളശ്ശേരി, ഒറ്റപ്പാലം ഷൊർണ്ണൂർ വഴിയുള്ള രണ്ട് കെ.എസ്.ആർ.ടി.സി. ബസ്സ് റൂട്ടുകൾ മുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബസ്സ് റൂട്ടുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മേൽ ബസ്സ് റൂട്ടുകൾ മുടങ്ങുവാനുണ്ടായ കാരണം വിശദമാക്കാമോ;

(സി) ആയത് എന്ന് പുനരാരംഭിക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കിളിമാനൂർ, ആറ്റിങ്ങൽ കെ. എസ്. ആർ. ടി. സി. ഡിപ്പോക ളിൽനിന്നും പുതിയ സർവ്വീസുകൾ</u>

8024 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിനുശേഷം കിളിമാനൂർ, ആറ്റിങ്ങൽ കെ.എസ്. ആർ. ടി. സി. ഡിപ്പോകളിൽ നിന്നും പുതിയതായി എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; പുനരാരംഭിച്ചിട്ടുള്ളവ എത്രയെണ്ണം; ഇനം തിരിച്ച് റൂട്ടുകൾ സഹിതം വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>മല്ലപ്പള്ളി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ</u>

8025 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ മല്ലപ്പള്ളി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന കോഴഞ്ചേരി - കോട്ടയം ചെയിൻ സർവ്വീസും തിരുവല്ലയിൽ നിന്നും ഓപ്പറേറ്റ ്ചെയ്യുന്ന തിരുവല്ല - മല്ലപ്പള്ളി ചെയിൻ സർവ്വീസും പലപ്പോഴും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ ഷെഡ്യൂളുകളും ട്രിപ്പുകളും മുടങ്ങാതിരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ഡിപ്പോ കേന്ദ്രീകരിച്ച് റിംഗ് സർവ്വീസ്</u>

8026

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. സംസ്ഥാനത്ത് എത്ര ഡിപ്പോകളിലാണ് റിംഗ് സർവ്വീസുകൾ ആരംഭിച്ചിട്ടുളളത്;

(ബി) പ്രസ്തുത സർവ്വീസുകളിൽ ലാഭകരമായി പ്രവർത്തിക്കുന്നില്ലായെന്ന് വിലയിരുത്തിയിട്ടുളള സർവ്വീസുകൾ ഏതൊക്കെയാണ്; വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ ഡിപ്പോ കേന്ദ്രീകരിച്ച് റിംഗ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി-എടവണ്ണപ്പാറ റൂട്ടിൽ</u>
<u>കെ. എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ്</u>

8027

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി-എടവണ്ണപ്പാറ റൂട്ടിൽ എത്ര കെ.എസ്. ആർ. ടി. സി. ബസ്സ് സർവ്വീസ് നടത്തിയിരുന്നുവെന്ന് പറയുമോ; ഇപ്പോൾ അതിൽ ഏതെല്ലാം സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ഈ റൂട്ടിൽ പുതിയ ബസ്സ് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>തിരുവല്ല കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പ്രതിദിന ഷെഡ്യൂളുകൾ</u>

8028 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പ്രതിദിനം എത്ര ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നുണ്ട് ;

(ബി) ഇവിടത്തെ സർവ്വീസുകൾ കാൻസൽ ചെയ്യുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

തൃക്കണ്ണാപുരം - കിഴക്കേകോട്ട കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസ്

8029 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തൃക്കണ്ണാപുരം പാർക്ക് നടയിൽ നിന്നും പാപ്പനംകോടു വഴിയും മുടവൻമുഗൾ വഴിയും കിഴക്കേകോട്ടയിലേക്ക് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ഇല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് എന്ന് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം - കിഴക്കേകോട്ട കെ.എസ്.ആർ.ടി.സി. ബസ്സ്</u>

8030 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വിഴിഞ്ഞം ഡിപ്പോയിൽ നിന്നും വിഴിഞ്ഞം - വെങ്ങാനൂർ-വണ്ടിത്തടം - പുഞ്ചക്കരി-കരുമം മരുതൂർകടവ്-കാലടി- ആറ്റുകാൽ-കിഴക്കേകോട്ട റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ് എല്ലാദിവസവും സർവ്വീസ് നടത്താതിരിക്കുന്ന കാര്യവും സർവ്വീസ് നടത്തുന്ന ദിവസങ്ങളിൽ പോലും സർവ്വീസുകളുടെ എണ്ണം വെട്ടിക്കുറക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം പരിഹരിക്കുന്നതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.07.2012-ലെ മറുപടിക്ക്

<u>നെന്മാറ - കൊല്ലങ്കോട് വഴി കോയമ്പത്തൂരിലേക്ക് കെ.എസ്.ആർ.ടി. സി. ബസ്സ്</u>

8031 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ അടിപ്പെരണ്ടയിൽ നിന്നും നെന്മാറ-കൊല്ലങ്കോട് വഴി കോയമ്പത്തൂരിലേക്ക് പുതിയകെ.എസ്.ആർ.ടി. സി. ബസ്സ് സർവ്വീസ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത് ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഒരു മോട്ടോർ</u>
<u>വെഹിക്കിൾ കോംപ്ലക്സ്</u>

8032 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഒരു മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ ആവശ്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചതെന്നും ഇക്കാര്യത്തിൽ ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

തിരുവല്ല കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാൻഡ് -കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

8033 ശ്രീ. മാത്യു ടി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെ കെ. എസ്. ആർ. ടി. സി. ബസ്സ് സ്റ്റാൻഡ് -കം- ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ബി. ഒ. ടി. അടിസ്ഥാനത്തിൽ കെ. റ്റി. ഡി. എഫ്. സി. നിർവ്വഹിക്കുന്നതിനുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബി. ഒ. ടി. കരാറിൽ എന്തെങ്കിലും സ്വകാര്യ പങ്കാളിത്തമുണ്ടോ;

(സി) കെ. റ്റി. ഡി. എഫ്. സി. നിർമ്മാണം ഏൽപ്പിച്ചിരിക്കുന്നത് ഏത് കരാറുകാരെയാണ്; എന്തടിസ്ഥാനത്തിലാണ് കരാർ ഏൽപ്പിച്ചത്; വിശദമാക്കുമോ;

(ഡി) സെല്ലാർ ഫ്ളോർ നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്യുവാൻ എന്തെങ്കിലും തുക ചെലവായിട്ടുണ്ടോ;

(ഇ) നീക്കം ചെയ്ത മണ്ണിന് എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(എഫ്) മണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയുടെ വിശദാംശങ്ങളും ആയത് സംബന്ധിച്ച ഗതാഗത വകുപ്പിന്റെ നിലപാടും വ്യക്തമാക്കുമോ;

(ജി) കെ. ടി. ഡി. എഫ്. സി. യോ ഗതാഗതവകുപ്പോ ഇത് സംബന്ധിച്ച് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 24.07.2012-ലെ മറുപടിക്ക്

<u>സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കാൻ പദ്ധതി</u>

8034 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പെട്രോളിയം ഉപയോഗം ഗതാഗതമേഖലയിൽ നിയന്ത്രിക്കുന്നതോടൊപ്പം ബദൽ ഗതാഗതമെന്ന നിലയിൽ ലോകമാകെ അംഗീകരിക്കപ്പെട്ട ചൈനീസ് മോഡൽ സൈക്കിൾ യാത്ര പ്രോത്സാഹിപ്പിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കുമോ?